# ലോകത്തെ പരിഭാഷപ്പെടുത്തുന്ന ഒരാൾ

**ആയിരത്തൊന്ന് രാവുകൾ മുതൽ 'അന്നകരെനീന' വരെ നൂറ്റെട്ട് കൃതികളുടെ പരിഭാഷകൻ. മലയാളിയെ വിശ്വസാഹിത്യത്തിന്റെ വഴികളിലൂടെ കൈപിടിച്ചു നടത്തിയവരിൽ ഒരാളായ എം.പി. സദാശിവന്റെ രാവും പകലും പരിഭാഷക്കായി ഉഴിഞ്ഞുവച്ച ജീവിതത്തിലൂടെ**

■ മുരളി

"എഴുപതിനായിരം കോപ്പിയിലേറെ വിറ്റഴിഞ്ഞ, ലോകമെമ്പാടും ബെസ്റ്റ് സെല്ലർ പട്ടികയിലുള്ള, ഫ്രാങ്ക്ഫർട്ട് പുസ്തകോത്സവത്തിൽ ഉത്സാഹത്തിമിർപ്പോടെ വരവേൽക്കപ്പെട്ട ഈ പുസ്തകം മലയാളത്തിൽ പ്രസിദ്ധീകരിക്കാൻ സാധിച്ചതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. ഡേവിഡ് ഡേവിഡാറിനും പെൻഗ്വിൻ ബുക്സിനും നന്ദി രേഖപ്പെടുത്തുന്നു. "വിവർത്തകൻ എം.പി. സദാശിവനും നന്ദി." 'നീലം മാങ്ങകളുടെ വീട്' എന്ന ഡേവിഡ് ഡേവിഡാറിന്റെ പുസ്തകത്തിലെ പ്രസാധകക്കുറിപ്പാണിത്. അവസാന വരി ഒന്നുകൂടി വായിക്കുക, 'വിവർത്തകൻ എം.പി. സദാശിവനും നന്ദി'. ഒരു പ്രസാധകൻ വിവർത്തകന് നൽകുന്ന ഔദാര്യമാണ് ഈ വരിയെന്ന് വായനക്കാരന് തോന്നുന്നതുപോലെ വിവർത്തകനും തോന്നും. ഒരു പുസ്തകം പ്രസാധകൻ വിവർത്തകനെ ഏല്പിക്കുമ്പോൾ, പുസ്തകത്തിന്റെ വലുപ്പ ചെറുപ്പമനുസരിച്ച് ഒരു തുക രൊക്കമായി നൽകുന്നു. പ്രസാധകന് വിവർത്തകനുമായുള്ള കരാർ അതോടെ തീരുന്നു. വിവർത്തനം ചെയ്യപ്പെട്ട പുസ്തകം പിന്നെ എത്രയെങ്കിലും എഡിഷനുകളായി പതിനായിരക്കണക്കിന് കോപ്പികൾ വിറ്റഴിഞ്ഞെന്നിരിക്കും. വിവർത്തകനെ അപ്പോഴൊന്നും പ്രസാധകൻ ശ്രദ്ധിക്കുകയില്ല. വായനക്കാരനാകട്ടെ വിവർത്തകന്റെ പേരുപോലും ശ്രദ്ധിക്കാതെ യഥാർത്ഥ എഴുത്തുകാരനോട് മനസ്സാ പ്രാണാമം പറഞ്ഞ് പുസ്തകം മടക്കുകയും ചെയ്യും. പുസ്തകം നന്നായില്ലെങ്കിൽ വിവർത്തനത്തിന്റെ കുഴപ്പമെന്ന് പറഞ്ഞ് വിവർത്തകനെ ശപിച്ചെന്നുമിരിക്കും.



സംസ്കാരങ്ങളുടെ വിനിമയം:
എം.പി. സദാശിവൻ
ഫോട്ടോ: കവിയൂർ സന്തോഷ്

സാഹിത്യോത്സവങ്ങളിലൊന്നും വിവർത്തകർ ക്ഷണിക്കപ്പെടാറില്ല. ക്ഷണിക്കപ്പെട്ടാൽ അവസാന പന്തിക്കാരനുമായിരിക്കും. ഒരു പട്ടും വളയും കിട്ടിയാൽ ഔദാര്യമെന്നേ പറയേണ്ടൂ. കേരളത്തിൽ സാഹിത്യ പ്രവർത്തക സഹകരണസംഘത്തിന്റെ നീണ്ടകാല ചരിത്രം നോക്കുക. പിന്നെ ഡി.സി. ഉൾപ്പെടെയുള്ള പ്രസാധകരുടെ പിൽക്കാല ചരിത്രവും. പരിഭാഷകളുടെ വില്പനകളിലൂടെയാണ് ഇവർ കുതിച്ചുവളർന്നതും സംഘാംഗങ്ങളായ സാഹിത്യകാരന്മാർക്ക് വലിയ റോയൽറ്റി നൽകിയതും. പക്ഷേ, ഇടപ്പള്ളി കരുണാകരമേനോനും എൻ.കെ. ദാമോദരനും ദിവാകരൻ പോറ്റിക്കും മാലിയ്ക്കും മാധവൻ പിള്ളയ്ക്കുമൊക്കെ എന്തുകിട്ടി. ആയിരങ്ങളിൽ ഒതുങ്ങിയ രൊക്കം കാശ് മാത്രം. എത്ര പതിപ്പുകളും എത്ര ആയിരങ്ങളും വിറ്റാണ് പ്രസാധകർ തടിച്ചുകൊഴുക്കുന്നത്. വിവർത്തകർ കിട്ടിയതു വാങ്ങി ഒതുങ്ങിനിന്നു. പ്രസാധകൻ എന്ന നന്ദികെട്ട വർഗത്തിന്റെ കുടിയാന്മാരായി തുടരുകയാണിന്നും വിവർത്തകർ!

### കോനൻ ഡോയൽ മുതൽ യൂഗോ വരെ

സാധാരണ മലയാളിയെ വിശ്വാസാഹിത്യത്തിന്റെ നടവരമ്പുകളിലൂടെ കൈപിടിച്ച് നടത്തിയവരിൽ ഒരാളായ എം.പി. സദാശിവൻ ഈ അടിയാന്മാരിൽ ഒരാളായി കഴിയുകയാണ്. ഷെർലോക് ഹോംസിന്റെ 'ചെമ്പൻ മുടിക്കാരി'ൽ നിന്നു തുടങ്ങി, 'ആയിരത്തൊന്ന് രാവുകളി'ലൂടെ ഇമ്രേ കർട്സിന്റെ 'ഫേറ്റ്ലെസും' (വിധിയില്ലാത്തവർ) ജെ.എം. കൂറ്റ്സിയുടെ 'ലൈഫ് ആന്റ് ടൈംസ് ഓഫ് മൈക്കേൽ കെ', ഡേവിഡ് ഡേവിഡാറിന്റെ 'നീലം മാങ്ങകളുടെ വീടും' തുടങ്ങി ഇതിനകം 107 പുസ്തകങ്ങളുടെ വിവർത്തനം നടത്തി ഗിന്നസ് റെക്കോർഡ് പുസ്തകത്തിലേക്ക് കയറാൻ തയ്യാറെടുക്കുന്ന എം.പിക്ക് എഴുപത്തിരണ്ട് വയസ്സ് കഴിയുന്നു. എഴുപത്തി മൂന്നാണോ, രണ്ടാണോ എന്ന സംശയം ഇപ്പോഴുമുണ്ടെന്ന് അദ്ദേഹം പറയുന്നു, നാല് വയസ്സിൽ സഹോദരിയോടൊപ്പം സ്കൂളിൽ പോകാൻ തുടങ്ങിയതാണ്. സ്കൂളിലെ ഔദ്യോഗിക റെക്കോർഡിൽ അതുകൊണ്ട് ജനനത്തീയതി എഴുതിയില്ല. അഞ്ച് വയസ്സായാലേ

സ്കൂൾ രജിസ്റ്ററിൽ പേര് ചേർക്കാവൂ എന്നായിരുന്നു നിയമം. അതുകാരണം കൃത്യമായ ജനനത്തീയതി ഔദ്യോഗിക രേഖയിലുണ്ടായില്ല. ജാതകവും എഴുതിയിരുന്നില്ല. "എന്തായാലും എന്റെ വിവർത്തന ജീവിതം കൃത്യമായി രേഖപ്പെടുത്തപ്പെട്ടു. 1981 ജനുവരിയിൽ സർ ആർതർ കോനൻ ഡോയലിന്റെ 'ചെമ്പൻ മുടിക്കാർ.' ഇപ്പോൾ വിവർത്തന ജീവിതത്തിന് മുപ്പതാണ്ടുകൾ കഴിഞ്ഞിരിക്കുന്നു. വിക്ടർ യൂഗോയുടെ 'നോത്രദാമിലെ കൂനന്'ന് ഒരു പുതിയ പരിഭാഷ വേണമെന്ന് ഡി.സി. ബുക്സ് പറഞ്ഞു, അതാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. അടുത്ത രണ്ടാഴ്ച കൂടി കഴിഞ്ഞാൽ പൂർത്തിയാകും. കഴിഞ്ഞയാഴ്ചയാണ് ടോൾസ്റ്റോയിയുടെ 'അന്നാ കരെനീന'യുടെ ബൃഹത്തായ വോള്യം ഡി.സി. പുറത്തിറക്കിയത്. 'അന്നാ കരെനീന'ക്ക് പലേ വിവർത്തനങ്ങൾ ഉണ്ടായെങ്കിലും അതൊന്നും പൂർണ്ണമായിരുന്നില്ല. ഇപ്പോൾ ഒരുപാട് പ്രസാധകരാണ്, എല്ലാവരെയും തൃപ്തിപ്പെടുത്താൻ എനിക്ക് കഴിയുന്നില്ല. കുത്തിയിരുന്ന് എഴുതുക വലിയ പണിയാണ്. കണ്ണും നടുവും ഒരുപോലെ ക്ഷീണിക്കും. രാത്രിയും പകലുമറിയാതെ കുത്തിയിരുന്ന് എഴുതിയിട്ടുണ്ട്. ഇപ്പോൾ അത് വയ്യ. കുറേ നേരം എഴുതി ക്ഷീണിക്കുമ്പോൾ ഭാര്യ പറയും പുറത്തേയ്ക്കൊന്ന് പോയിവരാൻ, അപ്പോൾ പുറത്തിറങ്ങി നടക്കും. അപ്പോഴും എഴുതിക്കൊണ്ടിരിക്കുന്ന കഥയായിരിക്കും മനസ്സിൽ വട്ടം ചുറ്റുക..."

ഇടവേളകളില്ലാതെയുള്ള എഴുത്താണ്. "അതേ, എന്തുചെയ്യാൻ ഞാനിവിടെ പെട്ടുപോയി എന്നുപറയുകയാവും ശരി..." അബദ്ധത്തിൽ വന്ന് പെട്ടുപോയതാണോ? "അങ്ങനെ പറയാനാവില്ല, എങ്കിലും മനപൂർവ്വമായിരുന്നില്ല. സ്കൂളിലും കോളേജിലുമൊക്കെ പഠിക്കുമ്പോഴേ എഴുത്തിനോടും വായനയോടും കലശലായ പ്രണയമായിരുന്നു. അന്നത്തെ കോളേജ് മാസികകളിലൊക്കെ കവിതകളും കഥകളുമെഴുതി. 'അരിസ്റ്റോട്ടിൽ മുതൽ ഐൻസ്റ്റീൻ വരെ'യാണ് അച്ചടിച്ച ആദ്യ പുസ്തകം. 'കണ്ടുപിടിത്തങ്ങളുടെ കഥ' എന്നൊരു പുസ്തകവും ഡി.സി. പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ, വിവർത്തനത്തിലേക്ക് കടന്നത് തികച്ചും യാദൃശ്ചികമായിട്ടായിരുന്നു. അതിനും ഡി.സി. ബുക്സിനോട് നന്ദി പറയണം. 1981 ജനുവരിയിൽ ഡി.സി. ബുക്സ് ഒരു പരസ്യം പത്രങ്ങളിൽ കൊടുത്തു. ഷെർലോക് ഹോംസ് സമാഹാരം മലയാളത്തിലിറക്കുന്നുവെന്നായിരുന്നു പരസ്യം. ആർതർ കോനൻ ഡോയൽ മരിച്ചിട്ട് അപ്പോൾ 50 വർഷം കഴിഞ്ഞു. ഷെർലോക് ഹോംസിന്റെ ആരാധകനായ ഞാൻ ഡി.സി. കിഴക്കേമുറിക്കൊരു കത്തിട്ടു. പ്രസിദ്ധീകരിക്കാൻ പോകുന്ന സമാഹാരത്തെ ആശംസിച്ചു വളരെ ഉചിതമായ നടപടിയെന്ന് പ്രശംസിച്ചു. ഉടനെ വന്നു ഡി.സിയുടെ ഒരു കാർഡ്. "നന്ദി, താങ്കൾ കൂടി ഈ സംരംഭത്തിൽ സഹകരിക്കണം." അങ്ങനെയാണ് പന്ത്രണ്ട് വോള്യങ്ങളുള്ള ഹോംസ് ക്ലബ്ബിലെ രണ്ടാം പുസ്തകമായി 'ചെമ്പൻമുടിക്കാർ' പ്രസിദ്ധീകരിക്കപ്പെടുന്നത്. വൈക്കം ചന്ദ്രശേഖരൻ നായരും മുട്ടത്തുവർക്കിയുമായിരുന്നു ആ സംരംഭത്തിന്റെ ജനറൽ എഡിറ്റർമാർ. പി.എ. വാരിയരും സെബാസ്റ്റ്യൻ പോളുമൊക്കെ ആ പരമ്പരയിൽ പങ്കെടുത്ത് പുസ്തകങ്ങൾ എഴുതിയിരുന്നു. ഇപ്പോൾ നൂറ്റിയേഴ് പുസ്തകങ്ങൾ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചു. 108-ന്റെ പണി നടക്കുന്നു.

"നിരവധി പ്രസാധകർ വിളിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞദിവസം ഒരു സിസ്റ്റർ (കന്യാസ്ത്രീ) കൈയിലൊരു പുസ്തകവുമായി വന്നു. 'ഹോം നഴ്സിങ്.' ഞാനതൊന്ന് മലയാളത്തിലാക്കണം. സാഹിത്യത്തോടൊപ്പം സെൽഫ്ഹെല്പ് പുസ്തകങ്ങൾ, ബിസിനസ്സ് പുസ്തകങ്ങൾ തുടങ്ങി എണ്ണിയാലൊടുങ്ങാത്ത പുസ്തകങ്ങളാണ്. എനിക്ക് ജ്യോതിഷത്തിലോ, സംഖ്യാഗണിതത്തിലോ, വാസ്തുവിലോ വിശ്വാസമില്ല. അടിസ്ഥാനപരമായി ഞാനൊരു യുക്തിവാദിയാണ്. പക്ഷേ, എനിക്ക് ജ്യോതിഷത്തിലും സംഖ്യാഗണിതത്തിലും വാസ്തുവിലും പുസ്തകങ്ങൾ വിവർത്തനം ചെയ്യേണ്ടി വന്നു. ഈയടുത്ത കാലത്ത് ഒരു എഴുത്തുകാരൻ എന്നെ വിളിച്ചു, "അങ്ങ് എന്റെ വീട് വരെ വരണം". എന്താ കാര്യമെന്ന് തിരക്കി. അപ്പോൾ പറയുകയാണ്, "വീട്ടിലെ പ്രശ്നങ്ങളാണ്, താങ്കൾ വന്ന് വാസ്തു നോക്കിത്തരണം. എവിടെയെങ്കിലും പൊളിച്ചുമാറ്റേണ്ടതുണ്ടെങ്കിൽ ചെയ്യാം...!"

വിവർത്തനം തൊഴിലായപ്പോഴുള്ള ഏടാകൂടം നോക്കണേ. സാഹിത്യ വിവർത്തനങ്ങളേക്കാൾ പ്രതിഫലം, ബിസിനസ്സ്, കംപ്യൂട്ടർ, സാങ്കേതികം, ഹോംനഴ്സിങ് തുടങ്ങിയവയ്ക്ക് കിട്ടുന്നു! എന്നുകരുതി അവയ്ക്ക് മുന്നിൽ കുത്തിയിരിക്കാൻ കഴിയുമോ? കഴിയില്ലെന്ന് മാത്രമല്ല ഇപ്പോഴൊക്കെ മടുത്തിരിക്കുന്നു. ഇതൊന്നു നിറുത്തിയാലോ എന്നാണ് ആലോചന. പഴയ അലക്കുകാരന്റെ കഥ പോലെയാണ് എന്റെ കാര്യം. അലക്കൊഴിഞ്ഞിട്ട് സമയമില്ല. എഴുത്തോട് എഴുത്ത്. എന്താണ് പക്ഷേ, പ്രതിഫലം?

## അറേബ്യൻ രാവുകളുടെ മാന്ത്രികത

"ഏതാണ്ട് ഒരുവർഷക്കാലമെടുത്താണ്, കൃത്യമായി പറഞ്ഞാൽ പതിനൊന്ന് മാസങ്ങൾ, 1001 രാവുകൾ എഴുതിത്തീർന്നത്, 1993-ൽ. അന്ന് ഞാൻ ഏജീസ് ഓഫീസിലെ ഓഡിറ്ററാണ്, സൂപ്പർവൈസറി പോസ്റ്റിൽ. എന്നും ഓഡിറ്റിങ്ങിനുള്ള യാത്രയിലാണ്. കേരളവും ലക്ഷദ്വീപും മുഴുവൻ കറങ്ങണം. ട്രെയിനിലും ലോഡ്ജിലുമാണ് ഏറിയ സമയവും. ഈ യാത്രയ്ക്കിടയിലിരുന്നാണ് എഴുതിയത്. അങ്ങനെ എഴുത്ത് ദിനകൃത്യങ്ങൾപോലെ, ഭക്ഷണം പോലെ ജീവിതത്തിന്റെ ഭാഗമായി. ഇരുപത്തയ്യായിരം രൂപയാണ് എനിക്ക് തന്നത്. അന്നത് വലിയ തുകയാണ്. എങ്കിലും ഒരു വർഷത്തെ എന്റെ അദ്ധ്വാനം ഓർത്തുനോക്കുക. ഉറങ്ങുമ്പോൾ എന്റെ സ്വപ്നങ്ങളിലാകെ 'അൽഫ്ലായ്ലാ വാലായ്ലാ' (അറബി) ആയിരുന്നു. "നിനക്കേത് രാജധാനിയാണിഷ്ടം... നിന്നെ ഞാൻ അങ്ങോട്ട് കൊണ്ടുപോകാം..." "ഞാൻ പറഞ്ഞു കഥയുടെ രാജധാനി-1001 രാത്രികൾ." ഒന്നിനു പിറകിലൊന്നായി ആയിരത്തൊന്നു രാത്രികൾ കഥ പറഞ്ഞ് ഷഹറാസാദ് എന്ന സുന്ദരി ഷഹ്രിയാർ രാജാവിന്റെ മനം കവർന്ന മാന്ത്രിക കഥകൾ. ആയിരത്തൊന്ന് രാവുകളെക്കുറിച്ച് ഐൻസ്റ്റീൻ പറഞ്ഞു: "ഈ കഥകൾ വായിക്കാത്തവർ, അനുഭവിക്കാത്തവർ ഒരു ജന്മം പാഴാക്കിക്ക

ളയുകയാണ്.''

`The Book of Thousand Nights and a Night' എന്ന പേരിൽ റിച്ചാർഡ് ബെർട്ടൺ ഇംഗ്ലീഷിൽ വിവർത്തനം ചെയ്തതോടെയാണ് മറ്റു ഭാഷകളിലേക്ക് ഈ കൃതി കടന്നുചെല്ലുന്നത്. ബർട്ടന്റെ പുസ്തകമാണ് ഏറ്റവും ആധികാരികമായി കരുതപ്പെടുന്നത്. അതിനെ അടിസ്ഥാനപ്പെടുത്തിയാണ് മലയാളത്തിൽ എം.പി. സദാശിവൻ വിവർത്തനം നടത്തിയത്. അതിനുമുൻപ് തന്നെ എം. അച്യുതനും അയ്യനേത്തും മലയാളത്തിൽ സംഗ്രഹിച്ചിരുന്നുവെങ്കിലും സമ്പൂർണ്ണമായ പുസ്തകം എം.പിയുടേതായി. ഇന്നിപ്പോൾ ആ പുസ്തകത്തിന് 12–15 എഡിഷനുകളായി. ഒരു വിവർത്തകനെന്ന നിലയിൽ മലയാള സാഹിത്യ ചരിത്രത്തിൽ എം.പി. സദാശിവന് ഇരിപ്പിടം നൽകിയ പുസ്തകമാണിത്. തലമുറകൾ താലോലിക്കുന്ന മാന്ത്രികരാവുകളുടെ മാസ്മര മാധുര്യം:

'അലാദിനും അദ്ഭുതവിളക്കും', 'ആലിബാബയും കള്ളന്മാരും' ഒക്കെ അക്ഷരാഭ്യാസമില്ലാത്തവരുടെയും ചങ്ങാതികളായി മാറി. വിശ്വസാഹിത്യത്തിലെ ഈ അദ്ഭുതസൃഷ്ടിയെ 1183 പുറങ്ങളിൽ ചേതോഹരമായി പകർത്തിവച്ച് മലയാള വിവർത്തന സാഹിത്യത്തിന് എക്കാലത്തെയും വലിയ മുതൽക്കൂട്ടുകളിലൊന്ന് നൽകിയെന്നതാണ് എം.പി. സദാശിവന്റെ സംഭാവന.

കഷണ്ടി കയറിയ തല മെല്ലെ തടവി, കസേരക്കൈയിലേക്ക് ചാരിയിരുന്ന് ആ കാലത്തെ ഓർക്കുകയാണ് അദ്ദേഹം: "ബർട്ടന്റെ പുസ്തകമെടുത്ത് പദാനുപദം വിവർത്തനം ചെയ്യുകയായിരുന്നില്ല. അറബി സാഹിത്യത്തിലാകെയൊന്ന് ഓടി, ഖുറാൻ വായിച്ചു, ജിബ്രാൻ വായിച്ചു. മദ്ധ്യകാല അറബി ചരിത്രത്തിലൂടെ ഓടിനടന്ന് കഥകൾക്കുള്ളിലെ കാമ്പും കഥകളുടെ വേരും ചികഞ്ഞ് നോക്കി. ഒരു മധുര ചഷകത്തിനുള്ളിൽ വീണപോലെ. ആ ചഷകത്തിന് പുറത്തിറങ്ങി, എഴുതാനിരുന്നപ്പോൾ ഷഹറാസാദ് എന്റെ മുന്നിൽനിന്നു നൃത്തം വയ്ക്കാൻ തുടങ്ങി. ആ മദ്ധ്യകാല ഭാഷയുടെ ചാരുത എന്നെ മോഹിപ്പിച്ചു. കഥകൾ പകർത്തുകയല്ല കവിതകൾ പകർത്തുകയാണെന്ന് ഓർത്തുപോയ അനുഭവങ്ങൾ.''

എഴുപതിന്റെ മദ്ധ്യത്തിലേക്ക് അടുക്കുന്ന ഒരാൾ വിശ്വസാഹിത്യത്തിന്റെ നടവഴികളിൽ കണ്ടുമുട്ടിയ വിചിത്രാനുഭവങ്ങളുടെ ലഹരികളൊക്കെ മനസ്സിൽ ഒതുക്കി മെല്ലെ പറയുകയാണ്. "ഇങ്ങനെയൊക്കെയാകുമെന്ന് ഞാൻ കരുതിയതല്ല. ഒരു രസത്തിനുവേണ്ടി തുടങ്ങിയതാണ്. ഇംഗ്ലീഷിലോ മലയാളത്തിലോ ഉന്നതബിരുദങ്ങളൊന്നുമില്ല. എഴുത്തുകാരനെന്ന മേൽവിലാസമുണ്ടായിരുന്നില്ല. വിവർത്തനത്തിന്റെ പ്രൊഫഷണലിസമൊന്നും നേടാനായുമില്ല. എങ്കിലും മലയാളികൾ എന്റെ വിവർത്തനങ്ങൾ ഇഷ്ടത്തോടെ സ്വീകരിക്കുന്നു. വി

ഫോട്ടോ: കവിയൂർ സന്തോഷ്



വർത്തനങ്ങളിൽ ആണ്ടുമുഴുകിയപ്പോഴാണ് ഞാൻ ശ്രദ്ധിച്ചത്, ആദ്യകാല മലയാള രചനകളിൽ ഒട്ടുവളരെയും ഇംഗ്ലീഷിൽനിന്നോ, ഫ്രഞ്ചിൽനിന്നോ കടം കൊണ്ടതാണെന്ന്. വിവർത്തനങ്ങളിലൂടെയാണ് നമ്മുടെ ഭാഷയും സാഹിത്യവും വളർന്നത്. മലയാളഭാഷയുടെ പിതാവായ എഴുത്തച്ഛനാണ് നമ്മുടെ ഏറ്റവും മഹാനായ വിവർത്തകൻ. പതിനാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന രാമാനന്ദൻ എന്ന കവി സംസ്കൃതത്തിലെഴുതിയ 'അദ്ധ്യാത്മ രാമായണം' എന്ന മഹത്തായ കാവ്യമാണ് എഴുത്തച്ഛൻ കിളിപ്പാട്ടിലാക്കിയത്. ഒരു ലക്ഷത്തി ഇരുപതിനായിരം ശ്ലോകങ്ങളുടെ വ്യാസഭാരതത്തിന്റെ സ്വതന്ത്ര വിവർത്തനമാണ് എഴുത്തച്ഛന്റെ 'മഹാഭാരതം കിളിപ്പാട്ട്'. രാമായണം പോലെ നിത്യപാരായണ കാവ്യമായില്ലെങ്കിൽ പോലും അതിനെക്കാൾ കാവ്യഗുണവും ശില്പഭദ്രതയും മഹാഭാരതത്തിനുണ്ട്. അസാധാരണമായ കഥാകഥന ചാതുരിയോടുകൂടി രാമകഥയും ഭാരത കഥയും കേരളീയരുടെ ഇടയിൽ എഴുത്തച്ഛൻ പ്രതിഷ്ഠിച്ചു. വിവർത്തനം എവിടെ നിന്നുവേണമെന്നും എങ്ങനെ വേണമെന്നുള്ളതിന് ഉത്തമോദാഹരണമാണ് എഴുത്തച്ഛന്റെ കൃതികൾ. കവിതയുടെ വിവർത്തനം അസാദ്ധ്യമാണെന്ന ആംഗലഭാഷ, പണ്ഡിതന്മാരുടെ അഭിപ്രായം മലയാള ഭാഷയ്ക്ക് ബാധകമല്ലെന്ന് എഴുത്തച്ഛൻ തെളിയിച്ചു.

കിഷ്കിന്ധ കാണ്ഡത്തിൽ ആസന്നമരണനായ ബാലി രാമനോട് പറയുന്നു:

"വിശല്യം കുരു മേ രാമ,

ഹൃദയം പാണി നാ സ്പൃശ്യൻ"

'അദ്ധ്യാത്മ രാമായണ'ത്തിലെ ഈ വരികളെ തുഞ്ചത്തെഴുച്ഛൻ പരിഭാഷപ്പെടുത്തിയതിങ്ങനെയാണ്:

"അമ്പും പറിച്ചു തൃക്കൈകൊണ്ടടിയനെ-

യൻപോടു മെല്ലെത്തലോടുകയും വേണം"

എഴുത്തച്ഛനാണ് മലയാള വിവർത്തനത്തിന്റെയും ഗുരു. ഞാനൊരു യുക്തിവാദിയാണ്, എഴുതി തുടങ്ങും മുൻപ് നിലവിളക്കിൽ തിരി തെളിയിക്കലോ പ്രാർത്ഥനയോ ഒന്നുമില്ല. എങ്കിലും എഴുത്തച്ഛന്റെ കിളിപ്പാട്ട് മനസ്സിലേക്ക് കയറിവരും. മലയാളി എന്നും ഇഷ്ടപ്പെടുന്ന ആ മഹാനായ വിവർത്തകനെ ഓർക്കാതെ എഴുതാതിരിക്കുന്നതെങ്ങനെ? അദ്ദേഹമാണ് എന്റെ ഗുരു."

## മഹാരഥന്മാരുടെ അരങ്ങിൽ

എം.പി. സദാശിവൻ എന്ന വിവർത്തകന്റെ അടിത്തറയിതാണ്. ലോകഭാഷകളിലെ ഒട്ടുമിക്ക ക്ലാസ്സിക്കുകളും വിവർത്തനം ചെയ്യപ്പെട്ട് മലയാള സാഹിത്യവും വിശ്വസാഹിത്യത്തിന്റെ ചാരത്ത് നിൽക്കുമ്പോഴാണ് എം.പി. വിവർത്തനത്തിലേക്ക് വരുന്നത്. വെറും മുപ്പതുവർഷങ്ങളെന്നത് സമകാലീനമായ ഒരു അവസ്ഥ മാത്രമാണ്. സംസ്കൃതം, ഇംഗ്ലീഷ്, ഫ്രഞ്ച്, റഷ്യൻ വിവർത്തനങ്ങൾ കൊണ്ട് സമ്പന്നമായ ഒരു അവസ്ഥയിലേക്ക് ബംഗാളിയും കന്നഡയും ഹിന്ദിയും തമിഴുമൊക്കെ അടങ്ങിയ സ്വദേശി ഭാഷാ വിവർത്തനങ്ങളുടെ അരങ്ങിലേക്ക് എം.പി. കയറിയത് തികഞ്ഞ ഭയപ്പാടോടെയായിരുന്നു. മഹാരഥന്മാർ വാഴുന്ന അരങ്ങ്. വിവർത്തകർക്ക് ക്ഷാമമില്ലാത്ത കാലം. വിക്ടർ യൂഗോ, ടോൾസ്റ്റോയ്, ഫ്ളോബേർ, ക്നൂട്ട് ഹാംസൻ, ഹെർമൻ മെൽവിൻ, സ്റ്റീൻബെക്, ഏണസ്റ്റ് ഹെമിംഗ്വേ, ദസ്തയേവ്സ്കി തുടങ്ങിയവരൊക്കെ മലയാളത്തിന് സുപരിചിതരായി കഴിഞ്ഞിരുന്നു. ബങ്കിം ചന്ദ്രനും ശരത്ചന്ദ്രനും ടാഗോറും ബിഭൂതി ഭൂഷണും ബിമൽമിത്രയും ശങ്കറും താരാശങ്കർ ബാനർജിയും മാത്രമല്ല യശ്പാലും പ്രേംചന്ദും വി.എസ്. ഖണ്ഡേക്കറും ശിവറാം കാരന്തും ജയകാന്തനും കൽകിയും അഖിലനും വരെ മലയാളത്തിന് പ്രിയപ്പെട്ടവരായി. മലയാളത്തിലെ ആദ്യത്തെ പ്രീ-പബ്ലിക്കേഷൻ വില്പന 'യുദ്ധവും സമാധാന'വുമായിരുന്നു. ഇടപ്പള്ളി കരുണാകര മേനോൻ വിവർത്തനം ചെയ്ത രണ്ടു ബ്രഹത് വോള്യങ്ങൾക്ക് മുഖവില 18 രൂപ, സൗജന്യവില 12 രൂപ.

വായനയെ ഹരംപിടിപ്പിച്ചുകൊണ്ട് റഷ്യൻ, ഫ്രഞ്ച്, ജർമ്മൻ കൃതികളും ബംഗാളിയും കന്നഡയും മലയാളത്തിൽ നിറഞ്ഞു. ഏറ്റുമാനൂർ ഗോപാലൻ നായരും എം.എൻ. ഗോവിന്ദൻ നായരും എൻ.കെ. ദാമോദരനും ടി.എൻ. കൃഷ്ണപിള്ളയും ഒ.പി. ജോസഫും സി. ജെ. തോമസും ടി.എൻ. രാമചന്ദ്രൻ നായരും പി. മാധവൻ പിള്ളയും വി.ഡി. കൃഷ്ണൻ നമ്പ്യാരും തുടങ്ങി എണ്ണമറ്റ വിവർത്തകർ. എഴുത്തുകാരിൽ സാർത്രും കാഫ്കയും കാമ്യുവും സോൾ ബെല്ലോയും. വിവർത്തനത്തിലെ ഒരു കണക്ക് തന്നെ നോക്കുക. 1950-നും 2000-ത്തിനുമിടയിൽ പുറത്തിറങ്ങിയ മലയാള പുസ്തകങ്ങളിൽ പതിനഞ്ച് ശതമാനത്തോളം വിവർത്തന ഗ്രന്ഥങ്ങളായിരുന്നുവത്രേ. വിവർത്തനത്തിന്റെയും വായനയുടെയും ആ വസന്തകാലത്തിനൊടുവിലാണ് എം.പി. സദാശിവനെന്ന ഈ കുറുകിയ മനുഷ്യൻ പഴയൊരു മഷിക്കുപ്പിയും പേനയുമായി കടന്നുവരുന്നത്. എണ്ണമറ്റ വിവർത്തകരുടെ വലിയ നിര.

കേസരിയും നാലപ്പാടും കഴിഞ്ഞ് വളർന്ന വിവർത്തകരുടെ അവസാനിക്കാത്ത നിര. ആ നിരയിലേക്ക് അറിയപ്പെടാത്ത ഒരാൾ. തുടങ്ങിയത് യദൃശ്ചയാ മുൻപ് സൂചിപ്പിച്ചപോലെ ഒരു പരസ്യത്തിൽനിന്ന്. ആർതർ കോനൻ ഡോയലിന്റെ 'ചെമ്പൻമുടിക്കാരു' മായി ഒരു രസത്തിന് ഇറങ്ങിയതാണ്. ഇപ്പോൾ പക്ഷേ, വിശ്രമമില്ല. വിക്ടർ യൂഗോവിന്റെ കൂനന്റെ പുതിയൊരു പരിഭാഷ 109-ാം പുസ്തകം. ഇതിനിടയിൽ ലോകത്ത് ഏറ്റവും അധികം തർജ്ജമ ചെയ്തയാൾ എന്ന് ലിംകാ ബുക്സ് ഓഫ് റിക്കാർഡിൽ രേഖപ്പെടുത്തപ്പെട്ടു. ഇനി ഉടൻ ഗിന്നസ്സിലേക്ക് കയറുമെന്നുറപ്പായി.

ഇനി പിന്നിലേക്കൊന്ന് തിരിഞ്ഞു നോക്കുക, തിരുവനന്തപുരത്ത് വഞ്ചിയൂരിലായിരുന്നു കുടുംബവീട്. അച്ഛൻ മാധവൻ പിള്ള കോർപ്പറേഷൻ ഓഫീസറായിരുന്നു. സെന്റ് ജോസഫ്സ് സ്കൂളിൽ അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോഴായിരുന്നു അച്ഛന്റെ മരണം. അതോടെ തിരുവനന്തപുരത്തെ പഠനം അവസാനിപ്പിച്ച് അമ്മ വീടായ തക്കല കാട്ടാത്തുറയിലേക്ക് പോയി. പഴയ തിരുവിതാംകൂറിന്റെ ഭാഗമായിരുന്നതും ഇന്ന് തമിഴ് നാട്ടിലെ കന്യാകുമാരി ജില്ലയിൽ ഉൾപ്പെട്ടതുമായ കാട്ടാത്തറ ഗ്രാമത്തിലെ സ്കൂളിലായിരുന്നു വിദ്യാഭ്യാസം. കഷ്ടപ്പാടുകളുടെ കാലം. വീണ്ടും തിരുവനന്തപുരത്ത് എത്തുന്നത്



എം.പി. സദാശിവനും ഭാര്യ പത്മജയും

ഇന്റർമീഡിയറ്റിന് പഠിക്കാനായിരുന്നു. അച്ഛന്റെ സഹോദരനൊപ്പം ശ്രീകാര്യത്തിനടുത്ത് ചെറുവായ്ക്കൽ എന്ന ഗ്രാമത്തിലായിരുന്നു താമസം. ഏതാണ്ട് ഇരുപത് കിലോമീറ്റർ നടന്ന് തിരുവനന്തപുരം നഗരത്തിലെ പഴയ ഇന്റർമീഡിയറ്റ് കോളേജിൽ (ഇപ്പോഴത്തെ ആർട്സ് കോളേജ്) പഠിക്കാൻ പോയി. പുസ്തകങ്ങൾ മനസ്സിൽക്കിടന്ന് കലാപമുണ്ടാക്കിയത് അക്കാലത്താണ്. കിട്ടുന്നതൊക്കെ വായിക്കും. എങ്കിലും വിശപ്പായിരുന്നു പ്രധാന കൂട്ടുകാരൻ. രാവിലെ നടക്കുന്നതിനിടയിൽ പോങ്ങുംമൂട്ടിലെ ബാപ്പുജി സ്മാരക വായനശാലയിൽ കയറി എല്ലാ പത്രങ്ങളും വായിക്കും. വൈകുന്നേരം തിരികെ വരുമ്പോഴും വായനശാലയിൽ കയറും. അപ്പോൾ മാസികകളൊക്കെ വായിക്കാം. ഇന്ററിന് ബയോളജി ഗ്രൂപ്പായിരുന്നു. ഡോക്ടറാകണമെന്ന് മനസ്സിൽ ചെറിയ മോഹമുണ്ടായിരുന്നു. പക്ഷേ, സംഭവിച്ചത് അങ്ങനെയല്ല. പഠിക്കാൻ മിടുക്കനായിട്ടും ഇന്ററിന് ആദ്യം തോൽക്കേണ്ടി വന്നു. പ്രാക്ടിക്കൽ കഴിഞ്ഞ് സമർപ്പിക്കേണ്ട റെക്കോർഡുകൾ പഴയ പേപ്പറിൽ പൊതിഞ്ഞുകെട്ടി സഞ്ചിയിൽ തൂക്കി. സഞ്ചിക്കുള്ളിൽ ഒരു കുപ്പി മഷിയും പേനയുമുണ്ടായിരുന്നു. തിരക്കുള്ള തമിഴ്നാട് ബസ്സിൽ തക്കലയിൽനിന്ന് കയറിയതാണ്. തമ്പാന്നൂരിലെത്തിയപ്പൾ സഞ്ചിയൊക്കെ മഷികൊണ്ട് നനഞ്ഞു കഴിഞ്ഞിരുന്നു. മഷി പടർന്ന റെക്കോർഡുകൾ സ്വീകരിക്കപ്പെട്ടില്ല. അങ്ങനെ ജീവിതത്തിലാദ്യമായി ഒരു പരീക്ഷയിൽ പരാജയപ്പെട്ടു. ഡിഗ്രിക്ക് മാർത്താണ്ഡത്തെ ഹിന്ദു കോളേജിലാണ് ചേർന്നത്. പഠിക്കാൻ കിട്ടിയത് ഇക്കണോമിക്സും. ബയോളജി പഠിക്കാനുള്ള സാമ്പത്തിക സാഹചര്യവും ഇല്ലായിരുന്നു.

## വിവർത്തനവും സർഗാത്മകതയും

ഡിഗ്രി കഴിയുമ്പോൾ തന്നെ തോവാളയിലുള്ള താലൂക്ക് ഓഫീസിൽ വില്ലേജ് ഇൻസ്പക്ടറുടെ ജോലി കിട്ടി. ഏഴെട്ടുമാസങ്ങൾ ജോലി ചെയ്തു കാണും. അപ്പോൾ തിരുവനന്തപുരത്തെ ഏജീസ് ഓഫീസിൽ ഓഡിറ്റർ ജോലി ലഭിച്ചു. 1959-ലാണ്. 1960-ൽ അവിടെ ഒരു അഖിലേന്ത്യാ പണിമുടക്ക്. വിദ്യാർത്ഥി ജീവിതകാലം മുതലേ സ്റ്റുഡന്റ്സ് ഫെഡറേഷൻ പ്രവർത്തകനായിരുന്ന എം.പി. സജീവമായി സമരത്തിൽ പങ്കെടുത്തു, പിരിച്ചുവിടപ്പെടുകയും ചെയ്തു. ജീവിതം വീണ്ടും വഴിമുട്ടി. അന്ന് തിരുവനന്തപുരത്ത് വാടകയ്ക്ക് താമസിക്കുകയാണ്. മോഡൽ സ്കൂളിനടുത്തൊരു ലോഡ്ജിൽ. ട്യൂട്ടോറിയലിൽ ക്ലാസ്സെടുക്കലായി പിന്നെയുള്ള ജീവിതമാർഗം. തിരുവനന്തപുരത്ത് രണ്ട് പ്രധാന ട്യൂട്ടോറിയലുകൾ ഉണ്ടായിരുന്നു. പ്രീമിയറും എസ്.എൻ. ട്യൂട്ടോറിയലും. പ്രീമിയറിൽ അദ്ധ്യാപകനായി, 55 രൂപ ശമ്പളം, രാവിലെ രണ്ട് മണിക്കൂർ, വൈകിട്ട് രണ്ട് മണിക്കൂർ, മദ്രാസ് മെട്രിക്കുലേഷൻ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് പഠിപ്പിക്കൽ. ഗതികേട് കൊണ്ടാണ് ട്യൂട്ടോറിയൽ അദ്ധ്യാപകനായതെങ്കിലും ഇംഗ്ലീഷ് നല്ലപോലെ പഠിപ്പിക്കാൻ നല്ലപോലെ ഇംഗ്ലീഷ് വായിച്ചു. ഹാഗാർഡിന്റെ 'King Solomn's Mines' എന്ന വിഖ്യാത കഥയ്ക്ക് ഒരു ഗൈഡ് എഴുതിയത് പരക്കെ സ്വീകരിക്കപ്പെട്ടു. അക്കാലത്ത് ആ സിനിമ തമ്പാന്നൂരിലെ ശ്രീകുമാർ തിയേറ്ററിൽ പ്രദർശനത്തിനുമെത്തി. ആഫ്രിക്കയിലെ ആദിവാസികളുടെ കഥയാണ്. മലയാളത്തിലും പുസ്തകരൂപത്തിൽ അത് എഴുതി. കവിതകളും കഥകളും അക്കാലത്ത് എഴുതാൻ തുടങ്ങി. 'ജീവിതസമരം' എന്ന ഒരു നാടകം എഴുതി തൃക്കാർത്തിക ഉത്സവത്തിന് കാട്ടാത്തുറ അമ്പലത്തിൽ അവതരിപ്പിച്ചു. നാട്ടുകാരന്റെ 'ജീവിതസമരം' കാട്ടാത്തുറക്കാർക്കിഷ്ടപ്പെട്ടു. 'ജനയുഗം' വാരികയിൽ കാമ്പിശ്ശേരി കഥകളും ലേഖനങ്ങളും പ്രസിദ്ധീക

രിച്ചു. ഇതിനിടയിൽ ഏജീസ് ഓഫീസിലെ പിരിച്ചുവിടൽ റദ്ദാക്കി പുനർനിയമനം കിട്ടിക്കഴിഞ്ഞിരുന്നു. എങ്കിലും ട്യൂട്ടോറിയൽ പ്രവർത്തനം തുടർന്നു. യഥാർത്ഥത്തിൽ ട്യൂട്ടോറിയൽ ജീവിതം വലിയ ജീവിതാനുഭവമാണ്. പാർട്ടി പ്രവർത്തനത്തിനും യുക്തിവാദി പ്രവർത്തനത്തിനും വളരെ സഹായമായി മാറിയ ട്യൂട്ടോറിയൽ അദ്ധ്യാപനം എഴുത്തു ജീവിതത്തെയും സഹായിച്ചിട്ടുണ്ട്. അക്കാലത്ത് 'കുങ്കുമം' വാരികയിൽ ശാസ്ത്രകാര്യങ്ങൾ പ്രതിപാദിക്കുന്ന ഒരു പംക്തി ആരംഭിച്ചു. അതാണ് പിന്നീട് പുസ്തകരൂപത്തിലായ 'അരിസ്റ്റോട്ടിൽ മുതൽ ഐൻസ്റ്റീൻ വരെ' എന്ന പുസ്തകം. ആദ്യം അച്ചടിച്ച പുസ്തകമാണത്. തുടർന്ന് 'കണ്ടുപിടുത്തങ്ങളുടെ കഥ' എന്നൊരു പുസ്തകവും പ്രസിദ്ധീകരിച്ചു. ഹോംസ് പുസ്തക ക്ലബ്ബ് കഴിഞ്ഞ് എഡ്ഗാർ വാലസും അഗതാ ക്രിസ്റ്റിയുമായി. വാലസിന്റെ 'നാല് റൗഡികൾ', ക്രിസ്റ്റിയുടെ 'വെടിയേറ്റ് മരിച്ച കേണൽ', 'നൈൽസിലെ ദുരന്തം', 'മരണത്തിന്റെ താഴ്‌വരയിൽ' എന്നിവ. ബൊക്കാച്ചിയോയുടെ 'ഡെക്കാമറൺ', മോപ്പസാങ്ങിന്റെ 'പ്രേതഭൂമി', ബ്രാം സ്റ്റോക്കറിന്റെ 'ഡ്രാക്കുള', കിപ്ലിങ്ങിന്റെ 'ജംഗിൾബുക്ക്', ജൊനാഥൻ സ്വിഫ്റ്റിന്റെ 'ഗള്ളിവറുടെ യാത്രകൾ', മേരി ഷെല്ലിയുടെ 'ഫ്രാങ്കെൻസ്റ്റൻ', ഡി.എച്ച് ലോറൻസിന്റെ 'ലേഡി ചാറ്റർലിയുടെ കാമുകൻ' തുടങ്ങി എണ്ണമറ്റ പുസ്തകങ്ങൾ.

ക്ലാസ്സിക്കുകളും ഡിക്റ്ററ്റീവ് നോവലുകളും സാമ്പത്തികശാസ്ത്രവും ഭാഷാശാസ്ത്രവും രാഷ്ട്രീയവുമൊക്കെ സദാശിവന്റെ വിവർത്തനങ്ങളിൽ ഇടം നേടി. ഇവയിൽ പ്രസാധകരുടെ സമ്മർദ്ദങ്ങൾ കൊണ്ട് എഴുതിയവയും സ്വന്തം ഇഷ്ടപ്രകാരം വിവർത്തനം ചെയ്തവയുമുണ്ട്. "പക്ഷേ, പൊതുവിൽ എനിക്കിഷ്ടപ്പെട്ടാലേ ഞാൻ വിവർത്തനത്തിന് സമ്മതിക്കൂ. വിവർത്തനം എന്നത് സർഗാത്മകമായ പ്രക്രിയയാണെന്ന് തന്നെ ഞാൻ കരുതുന്നു. സർഗാത്മക സാഹിത്യകാരന്റെ കഴിവുള്ളയാളിനേ നല്ല വിവർത്തകനാകാൻ കഴിയൂ.'' ചാൾസ് ഡിക്കെൻസും എഡ്ഗാർ അലൻപോയും ടോൾസ്റ്റോയിയും വിക്ടർ യൂഗോയും ജി.കെ. ചെസ്റ്റർട്ടണും പേൾ എസ് ബക്കും വിവർത്തനം ചെയ്ത ഒരാൾക്ക് പുതിയ സാഹിത്യവും വിവർത്തന വിധേയമാകുന്നുവെന്നത് കൗതുകകരമാണ്. "ക്ലാസ്സിക്കുകളിൽ നിന്ന് നമ്മൾ താഴേയ്ക്കിറങ്ങുകയാണെന്ന ചിന്തയൊന്നും എന്നെ അലട്ടാറില്ല. ഇന്ന് പക്ഷേ, ജീവിതത്തിന്റെ സ്പർശമുള്ള രചനകൾ അപൂർവ്വമായിരിക്കുന്നു. ഒളിച്ചുവെച്ച് വായിക്കാവുന്ന കൃതികളാണേറെയും. ഞങ്ങളുടെ തലമുറ ജീവിച്ച പശ്ചാത്തലം എത്രവേഗം മാറിയെന്ന് ഞാൻ ആലോചിക്കാറുണ്ട്. ഒന്ന് ആലോചിച്ചാൽ ഇതൊക്കെ സ്വാഭാവികമാണ്. എങ്കിലും ചിലപ്പോൾ ചിലതൊക്കെ അരോചകമായി തോന്നാറുണ്ട്. ചില നോബൽ സമ്മാനർഹരുടെ കൃതികൾ എന്നെ വല്ലായ്മപ്പെടുത്തിയിട്ടുണ്ട്. ലോകപ്രശസ്തനായ യോസ്സ അത്തരത്തിലൊരാളാണ്. എം. കൃഷ്ണൻ നായർ മെച്ചമെന്ന് പുകഴ്ത്തിയതുകൊണ്ട് പലരും മറുത്തുപറയാതെ വായിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്.

### കൊയ്‌ലോയുടെ ചവറ്

"അടുത്തിടെ പ്രശസ്തിയിലേക്ക് കുതിച്ചുയർന്ന ഒരെഴുത്തുകാരനാണ് പൗലോ കൊയ്‌ലോ. അദ്ദേഹത്തിന്റെ ഒരു പുസ്തകം പകർപ്പവകാശം വാങ്ങിയ ശേഷം ഡി.സി. രവി എനിക്ക് അയച്ചു തന്നു. ബെസ്റ്റ് സെല്ലറാണ് ലോകത്തെ പലഭാഷകളിലായി ഒരു ദിവസം പ്രസിദ്ധീകരിക്കുവാൻ പദ്ധതിയിട്ടിരിക്കുന്നു. വിവർത്തനം ഉടനെ വേണം. ഞാൻ ആ പുസ്തകം വായിച്ചു. സത്യത്തിൽ അമ്പരന്നുപോയി. നമ്മുടെ മുട്ടത്തുവർക്കിയൊക്കെ ഇതേക്കാൾ നന്നായി എഴുതിയിട്ടുണ്ട്. ഞാനത് രവിക്ക് എഴുതി, കരാറിൽ ഒപ്പിട്ടില്ലെങ്കിൽ വേണ്ടെന്ന് വയ്ക്കുകയാണ് ഉചിതം. സാധനം ചവറാണ്. ഒപ്പിട്ടുപോയി എന്നദ്ദേഹം അറിയിച്ചപ്പോൾ ഞാൻ പുസ്തകം വിവർത്തനം ചെയ്തുകൊടുത്തു. അമ്പരപ്പിക്കുന്നതായിരുന്നു മലയാള പരിഭാഷയ്ക്ക് കിട്ടിയ സ്വീകരണം. രണ്ടാഴ്ചകൊണ്ട് ആദ്യ പതിപ്പ് വിറ്റുതീർന്നു. ലിറ്ററി ഏജന്റുമാരും നിരൂപകരും നടത്തുന്ന കുപ്രചാരണങ്ങളിലൂടെയാണ് ഇത്തരം വിദേശകൃതികൾ ബെസ്റ്റ് സെല്ലറുകൾ എന്ന നിലയിൽ ലോകമാകെ വിറ്റഴിക്കപ്പെടുന്നത്. "കോടികൾ വിറ്റഴിഞ്ഞ'' പുസ്തകം എന്ന പേരിൽ ഒരു രചന പരിചയപ്പെടുത്തുന്നതെന്തിനാണ്? വായനക്കാരിൽ തെറ്റിദ്ധാരണ പരത്തുക മാത്രമല്ല, നല്ല വായനയെ നശിപ്പിക്കുന്നതിനും ഇത്തരം ബെസ്റ്റ് സെല്ലറുകൾ കാരണമാകുന്നുവെന്നാണ് എന്റെ അനുഭവം. ക്ലാസിക്കുകൾ ഏത് ഭാഷക്കാരനും എപ്പോഴും വായിച്ചിട്ട് ആസ്വദിക്കാനാകുന്നു. ഒരു ദുർഗ്രഹതയും അതിലില്ല. അവരുടെ അടിസ്ഥാനമായി വരുന്നത് ജീവിതമാണ്. പ്രണയവും മരണവും മോഹഭംഗവും ജീവിതത്തകർച്ചകളുമൊക്കെ ലോകത്ത് എല്ലായിടത്തും ഒരുപോലെയാണ്. നമ്മുടെ തകഴിയും ബഷീറും ദേവും വർക്കിയുമൊക്കെ എന്തുകൊണ്ട് ലോകനിലവാരത്തിൽ ചർച്ച ചെയ്യപ്പെട്ടില്ലെന്ന് ഞാൻ ആലോചിക്കാറുണ്ട്. അവർക്ക് നല്ല ഇംഗ്ലീഷ് വിവർത്തനങ്ങൾ ഉണ്ടായില്ല. വിവർത്തകനായി പല ഭാഷകളിലെ കൃതികൾ വായിച്ചപ്പോഴാണ് എനിക്ക് എന്റെ ഭാഷയെപ്പറ്റി വലിയ അഭിമാനം തോന്നിയത്. ലോകത്തെ ഏത് ഭാഷയോടും സാഹിത്യത്തോടും കിടപിടിക്കാനാവുന്നതാണ് മലയാളം.''

മൂലകൃതിയുടെ വില്പനയെ മറികടക്കുന്ന പരിഭാഷ സദാശിവന്റേതായുണ്ട്. ടി.എൻ. ശേഷന്റെ 'ഇന്ത്യയുടെ പതനം' 1998–ൽ പെൻഗ്വിൻ പ്രസിദ്ധീകരിച്ചപ്പോൾ വിറ്റഴിഞ്ഞത് മൂവായിരം കോപ്പികൾ. ഡി.സി. ബുക്സിന്റെ മലയാള പരിഭാഷ ഇരുപതിനായിരം കോപ്പികളാണ് വിറ്റുപോയത്. മൂന്ന് എഡിഷനുകളിൽ ആറ് പതിപ്പുകൾ. അങ്ങനെയാണ് സദാശിവൻ ലിംക ബുക് ഓഫ് റിക്കാർഡ്സിൽ കടന്നത്. എ.പി.ജെ. അബ്ദുൾ കലാമിന്റെ 'ജ്വലിക്കുന്ന മനസ്സുകൾ', 'അജയ്യമായ ആത്മചൈതന്യം', കെ.ആർ. നാരായണന്റെ 'നെഹ്റുവിന്റെ വീക്ഷണവും ഉൾക്കാഴ്ചകളും' തുടങ്ങിയവയ്ക്കും വലിയ പ്രചാരം കിട്ടി. കെ.ആർ. നാരായണൻ പുസ്തകം വായിച്ച് സന്തോഷത്തോടെ കത്തെഴുതുകയും ചെയ്തു. വിവർത്തനത്തിലെ നൂറാമത്തെ പുസ്തകമായിരുന്നു വി.ആർ. കൃഷ്ണയ്യരുടെ ആത്മകഥ. സാമൂഹ്യശാസ്ത്രങ്ങളും രാഷ്ട്രീയവുമൊക്കെ വിവർത്തനം ചെയ്യൽ താരതമ്യേന എളുപ്പമുള്ള



പണിയാണ്. കെ.ആർ. നാരായണന്റെ പുസ്തകം വെറും ആറ് ദിവസം രാപകൽ കുത്തിയിരുന്നാണ് വിവർത്തനം ചെയ്തത്. ചില അടിയന്തിര ഘട്ടങ്ങളിൽ പ്രസാധകനെ അങ്ങനെ സഹായിക്കേണ്ടി വരുന്നു. സാമൂഹ്യശാസ്ത്ര വിവർത്തനങ്ങളിൽ അല്പം ബുദ്ധിമുട്ടായത് ചോംസ്കിയും അമർത്യസെന്നുമാണ്. ചോംസ്കിയുടെ ഭാഷാശാസ്ത്രവും സെന്നിന്റെ സാമ്പത്തിക ശാസ്ത്രവും പരിഭാഷയ്ക്ക് എളുപ്പം വഴങ്ങുന്നതായിരുന്നില്ല. ഇന്നിപ്പോൾ കംപ്യൂട്ടർ അധിഷ്ഠിതവും സാങ്കേതികാധിഷ്ഠിതവുമായ പുസ്തകങ്ങൾക്കാണ് വലിയ മാർക്കറ്റ്. ലോകത്ത് ഒന്നരക്കോടി വിറ്റ സ്റ്റീഫൻ ആർ. കോവെയുടെ 'സെവൻ ഹാബിറ്റ്സ് ഓഫ് ഹൈലി ഇഫക്ടീവ് പീപ്പിൾ' പരിഭാഷപ്പെടുത്തി. ദേബാശിഷ് ചാറ്റർജിയുടെ ബെസ്റ്റ് സെല്ലറുകളും അടുത്തിടെയാണ് പ്രസിദ്ധീകരിച്ചത്.

## മൂലഗ്രന്ഥകാരന്റെ മനസ്സറിയൽ

ചുരുക്കത്തിൽ വിവർത്തനങ്ങൾ കഥകളും നോവലുകളും എന്ന പതിവ് വൃത്തത്തിനപ്പുറം വ്യാപിക്കുകയായിരുന്നു. വ്യത്യസ്ത ഭാഷകളിലെ സാഹിത്യത്തിനൊപ്പം വിജ്ഞാനത്തിന്റെ പുതിയ മേഖലകളിലേക്ക് കടക്കാനും ഇത് സഹായിച്ചു. ഭാഷക്ക് പുതിയ പദാവലികൾ ലഭിക്കാനും ഇത് കാരണമായി. സദാശിവൻ പക്ഷേ, എല്ലാ ഇംഗ്ലീഷ് വാക്കുകൾക്കും തദനുസൃതമായ മലയാള പദങ്ങൾ കണ്ടെത്തി ഭാഷയെ വികൃതമാക്കാൻ തുനിഞ്ഞില്ല. വിവർത്തനം പരിഭാഷകരുടെയും സാഹിത്യത്തിന്റെയും വിജ്ഞാനത്തിന്റെയും മേഖലകളെ വികസിപ്പിക്കണമെന്നത് മാത്രമായിരുന്നു ലക്ഷ്യം. ഒന്നിലധികം ഭാഷകളിൽ പരിജ്ഞാനമുള്ളവർക്കുപോലും ലോകത്തെങ്ങുമുള്ള സാഹിത്യവും വിജ്ഞാനവുമായി പരിചയപ്പെടാൻ വിവർത്തനങ്ങളെ ആശ്രയിച്ചേ മതിയാകൂ. വിവർത്തകന്റെ വലിയ ഉത്തരവാദിത്വം ഇതാണെന്ന് സദാശിവൻ കരുതുന്നു. കാളിദാസനും ഗോയ്ഥേയും ടാഗോറും ടോൾസ്റ്റോയിയും ഗോർക്കിയും ദസ്തയേവ്സ്കിയുമൊക്കെ ലോകമാകെ അറിയപ്പെട്ടത് വിവർത്തനങ്ങളിലൂടെ ആയിരുന്നു. പ്രസ്തുത വിവർത്തനങ്ങൾ ലോകത്തെ മറ്റു ഭാഷകളെയൊക്കെ സമ്പന്നമാക്കി.

മഹാകവി ടാഗോറിന്റെ 'ഗീതാഞ്ജലി' അദ്ദേഹം തന്നെയാണ് ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയത്. 'ഗീതാഞ്ജലി'യുടെ ഇംഗ്ലീഷ് പതിപ്പിന് ആമുഖമെഴുതിയ ആംഗല കവി ഡബ്ല്യു ബി യേറ്റ്സ് എഴുതിയത് ഓർമ്മയില്ലേ. "ഈ വിവർത്തനത്തിന്റെ കൈയെഴുത്തുപ്രതി ദിവസങ്ങളോളം ഞാൻ കൊണ്ടുനടന്നു. തീവണ്ടിയിലും ബസ്സിലും ഹോട്ടലിലും വച്ച് വീണ്ടും വീണ്ടും വായിച്ചു. ഓരോ തവണ വായിക്കുമ്പോഴും ഇത് എന്റെ മനസ്സിനെ എത്രമാത്രം സ്പർശിക്കാറുണ്ടെന്ന് മറ്റുള്ളവർ അറിയാതിരിക്കുന്നതിന് അപരിചിതരെ കാണുമ്പോൾ ഞാൻ പുസ്തകം അടച്ചുവയ്ക്കും..." 'ഗീതാഞ്ജലി'യുടെ പ്രസ്തുത വിവർത്തനത്തിനാണ് 1918-ലെ നോബൽ സമ്മാനം കിട്ടിയത്. വിവർത്തനത്തിലൂടെ വിശ്വസാഹിത്യത്തിൽ ചരിത്രപ്രതിഷ്ഠ നേടിയ മറ്റൊരു പ്രതിഭയാണ് ഇംറോ കെർത്തെസ്. അദ്ദേഹം ഹംഗേറിയൻ ഭാഷയിലെഴുതിയ ആത്മകഥാംശമുള്ള നോവൽ 1975-ലാണ് പ്രസിദ്ധപ്പെടുത്തിയത്. നീണ്ട 17 വർഷക്കാലം പ്രസ്തുത നോവലിനെയോ നോവലിസ്റ്റിനെയും ഹംഗറിക്ക് പുറത്തുള്ളവർ അറിഞ്ഞില്ല. 1992-ൽ അതിന്റെ പരിഭാഷ 'Fateless' എന്ന പേരിൽ പുറത്തുവന്നു. 2002-ൽ ഇംറോ കെർത്തെസ് നോബൽ സമ്മാനം നേടി. പിന്നെയാണ് ലോകത്തിലെ പല ഭാഷകളിലും വിവർത്തനം വന്നത്. 'വിധിയില്ലാത്തവർ' എന്ന പേരിൽ മലയാളത്തിൽ വിവർത്തനം ചെയ്തത് എം.പി. സദാശിവനായിരുന്നു. നല്ല വിവർത്തനങ്ങളുടെ അനുപേക്ഷണീയതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

വിവർത്തനങ്ങളിലെ ചതിക്കുഴികളെപ്പറ്റി എന്നും നല്ല ബോധമുണ്ടായിരുന്നു എം.പി. സദാശിവന്. "മൂലകൃതികളുടെ സ്വാഭാവികത നഷ്ടപ്പെടാൻ ഇടയുണ്ടെന്ന തിരിച്ചറിവുണ്ടായിരുന്നതു കൊണ്ടുതന്നെ മൂലകൃതികളുടെ കാലവും ഭാഷയും ശ്രദ്ധിച്ചശേഷമേ വിവർത്തനത്തിന് തയ്യാറെടുക്കുകയുള്ളൂ. ഫ്രഞ്ച് ഭാഷ അറിയാതെ 'നോത്രദാമിലെ കൂനൻ' വിവർത്തനം ചെയ്യുമ്പോൾ ഒരാൾ ആ കാലത്തെ അവസ്ഥ ശരി

ക്ക് ഉൾക്കൊണ്ടില്ലെങ്കിൽ വിവർത്തനം പാളിപ്പോകും. ആ വിവർത്തനത്തിന് സഹായകമായ ചരിത്ര സാഹചര്യങ്ങൾ വായിച്ചു. റിഫർമേഷന്റെ ആ കാലം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതിലൊരു കഥാപാത്രം മറ്റൊരാളെ ചൂണ്ടി പൊട്ടനാണെന്ന് പറയുമ്പോൾ, "എങ്കിൽ പോപ്പാക്കാൻ പരമ യോഗ്യൻ" എന്ന മറുപടി ഉണ്ടാകുന്നു. 'പാപ്പസി'യോട് ആ കാലത്ത് വളർന്നു വന്ന എതിർപ്പ് എത്ര രൂക്ഷമാണെന്ന് ഇത് ഓർമ്മിപ്പിക്കുന്നു. കാലവും ചരിത്രവും ജീവിതരീതികളുമറിയാതെ ക്ലാസിക്കുകളുടെ വിവർത്തനങ്ങൾക്കിറങ്ങിയാൽ അബദ്ധത്തിൽപ്പെടുമെന്നുറപ്പാണ്. പല വിവർത്തനങ്ങളും അരോചമാകുന്നതിന്റെ കാരണവും അതാണ്. ക്ലാസിക്കുകളിൽനിന്ന് വിഭിന്നമായ അവസ്ഥയിലാണ് ആധുനിക കൃതികൾ. പക്ഷേ, അപ്പോഴും നമുക്ക് പുതിയ ജീവിതപശ്ചാത്തലത്തെപ്പറ്റി നല്ല ധാരണയുണ്ടാകണം. 'അന്നാകരിനീന' വിവർത്തനം ചെയ്ത ക്ളേശം ഒരുപക്ഷേ, പുതിയ കൃതിയ്ക്കുണ്ടാവില്ല. എന്നാൽ മൂലഗ്രന്ഥകാരന്റെ മനസ്സറിയുക പ്രധാനമാണ്. പൗലോ കൊയ്‌ലോയുടെ ഒരു നോവൽ അനായാസം വഴങ്ങുന്നത് അതുകൊണ്ടാണ്. പിണങ്ങിപ്പോയ ഭാര്യയെ തിരക്കിയിറങ്ങുന്ന എഴുത്തുകാരന്റെ മാനസിക സംഘർഷങ്ങളുടെ കഥ പറയുന്ന 'സഹീർ' എന്ന നോവലിന്റെ ആദ്യ ഖണ്ഡിക സദാശിവൻ മലയാളത്തിലാക്കിയത് ഇങ്ങനെ:

"ഞാൻ സ്വതന്ത്രനാണ്. ജയിൽ മോചിതനുമാണ്. എന്റെ ഭാര്യ എസ്തർ ദുരൂഹസാഹചര്യത്തിൽ അപ്രത്യക്ഷയായിരിക്കുന്നു. എസ്തർ എന്നെ ഉപേക്ഷിച്ചുപോയതാണെങ്കിൽ അവൾക്കുപകരം മറ്റൊരാളെ ഞാൻ കണ്ടെത്തും. സ്വതന്ത്രനായ എനിക്ക് ബാദ്ധ്യതകളൊന്നുമില്ല..." അയത്നലളിതമായി ഇങ്ങനെ എഴുതാനാവുന്നത് നിരന്തരമായ വായനയിലൂടെയാണ്. നാലഞ്ച് പത്രങ്ങളും കിട്ടാവുന്ന മാസികകളൊക്കെയും വായിക്കും.

വിവർത്തന പുസ്തകം മാത്രമല്ല അതെഴുതിയ ഗ്രന്ഥകാരന്റെ കഴിയുന്നത്ര പുസ്തകങ്ങളും തേടിപ്പിടിച്ച് വായിക്കും. വിജ്ഞാന പുസ്തകങ്ങൾ വിവർത്തനം ചെയ്യുന്നത് മറ്റു വിവർത്തനങ്ങളെ ധാരാളം സഹായിക്കുകയും ചെയ്യും. ബ്രിട്ടാനിക്കാ എൻസൈക്ളോപീഡിയ മലയാളത്തിലിറങ്ങിയപ്പോൾ പതിനായിരം ടൈറ്റിലുകൾ പരിഭാഷപ്പെടുത്തി. സാമൂഹ്യശാസ്ത്ര പുസ്തകങ്ങൾ നൽകുന്നത് മറ്റൊരു വലിയ കാഴ്ചപ്പാടാണ്.

അംബേദ്കർ സമ്പൂർണ്ണ കൃതികളുടെ രണ്ട് വോള്യങ്ങൾ മലയാളത്തിലാക്കിയപ്പോൾ അസാധാരണമായ ജീവിതദർശനങ്ങളാണ് മനസ്സിനെ ഉലച്ചത്. സമ്പൂർണ്ണകൃതികളിലെ ഇരുപത്തിരണ്ട് വോള്യം ബുദ്ധനെയും ബുദ്ധധർമ്മത്തെയും കുറിച്ചാണ്. ബുദ്ധമതത്തെക്കുറിച്ചുള്ള എല്ലാ ധാരണകളെയും തിരുത്തിക്കുറിക്കുന്ന ഉൾക്കാഴ്ച അതിലുണ്ടായിരുന്നു. അടിസ്ഥാനപരമായി യുക്തിവാദിയായ ഒരാളെ ബുദ്ധമതത്തിന്റെ യുക്തിപരവും നിരീശ്വരവുമായ നിലപാടുകൾ ആഹ്ലാദം കൊള്ളിക്കും. അംബേദ്ക്കർ മരിക്കുന്നതിന് തലേനാൾ ആമുഖവും അവതാരികയും അവസാനമിനുക്കുപണി ചെയ്ത് വയ്ക്കുകയും മരണശേഷം പ്രസിദ്ധപ്പെടുത്തുകയും ചെയ്ത പുസ്തകമാണ് 'ബുദ്ധനും ബുദ്ധധർമ്മവും'.

## മാർക്സിസവും യുക്തിവാദവും

"അംബേദ്ക്കറുടെ പുസ്തക വിവർത്തനം യഥാർത്ഥത്തിൽ ഒരു വെളിപാടിന്റെ സുഖം നൽകി. ഇത്തരം അവസരങ്ങളിലാണ് വിവർത്തനം ഒരു തൊഴിൽ എന്നതിനപ്പുറമുള്ള മാനസിക സംതൃപ്തി നൽകുന്നത്. സാമ്പത്തികമായി വലിയ മെച്ചങ്ങളൊന്നുമില്ല. മനസ്സ് നിറഞ്ഞാൽ പിന്നെന്ത് സാമ്പത്തികം? അതുകൊണ്ടുതന്നെ ചിലരൊക്കെ നല്ലപോലെ പറ്റിക്കുകയും ചെയ്യാറുണ്ട്.

"ഖുശ്‌വന്ത്സിങ്ങിന്റെ 'സഖിമാരും ഞാനും' മലയാളത്തിൽ പരിഭാഷപ്പെടുത്തി കൊടുത്തു. കടുത്ത അശ്ലീലമാണ്. റിക്കാർഡ് വില്പനയായിരുന്നു, എട്ടുപത്തു എഡിഷനുകളായി. എനിക്ക് ഒരു പുസ്തകം പോലും അയച്ചു തന്നില്ല, ഒരു നയാപൈസ പ്രതിഫലവും തന്നില്ല... അങ്ങനെയുള്ളവരും ഉണ്ട്. ഒരു വൃദ്ധനെ ചൂഷണം ചെയ്തതിൽ അവർക്ക് സന്തോഷം തോന്നിക്കാണണം. ആയ്ക്കോട്ടെ എന്നു കരുതുകയല്ലേ നിവർത്തിയുള്ളൂ. എങ്കിലും സന്തോഷമാണ്, ജീവിതത്തിൽ ഒരു നിമിഷവും പാഴായില്ല. മലയാളത്തിൽ അയ്യപ്പപണിക്കർ അവാർഡും സാഹിത്യ അക്കാദമി അവാർഡും ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അവാർഡും കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിന്റെ സീനിയർ ഫെല്ലോഷിപ്പുമൊക്കെ ലഭിച്ചു. അതേക്കാളൊക്കെ സന്തോഷം, നമ്മളറിയാത്ത വായനക്കാരുടെ പ്രതികരണങ്ങളാണ്, കണ്ണൂർ സെൻട്രൽ ജയിലിൽനിന്ന് ഒരിക്കലൊരു തടവുകാരൻ എനിക്ക് നന്ദിപറഞ്ഞുകൊണ്ട് എഴുതി, അയാൾ ഞാൻ വിവർത്തനം ചെയ്ത പുസ്തകങ്ങൾ പലതും വായിച്ചിരിക്കുന്നു. ഏതു എഴുത്തുകാരനെയും സന്തോഷിപ്പിക്കുക അങ്ങനെയുള്ള പ്രതികരണങ്ങളല്ലേ. ഇത്രയൊക്കയല്ലേ ഒരു വിവർത്തകന് പ്രതീക്ഷിക്കാനുള്ളൂ എന്ന അർത്ഥത്തിൽ എം.പി. എന്നെ നോക്കി പുഞ്ചിരിച്ചു. എം.പിയുടെ ഭാര്യ പത്മജ. എം.പിക്ക് രണ്ട് മക്കൾ. മകൾ ശുഭ സ്കൂൾ അദ്ധ്യാപിക, മരുമകൻ അരുവിക്കര വിജയകുമാർ ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവ്. മകൻ പദ്മകുമാർ ബിസിനസ്സുകാരൻ, മരുമകൾ പ്രീത. അങ്ങനെ മക്കളും പേരക്കുട്ടികളുമായി സന്തോഷത്തോടെ വഴുതക്കാട്ടെ 'പദ്മരാഗ'ത്തിൽ.

രണ്ട് കാര്യങ്ങൾകൂടി എം.പിയോട് ചോദിക്കേണ്ടിയിരിക്കുന്നു, യുക്തിവാദവും ഇന്ദ്രജാലവും. "പഠിക്കുന്ന കാലത്ത് മാർക്സിസം മനസ്സിലേക്കു കയറി, കമ്മ്യൂണിസത്തെക്കുറിച്ച് വായിച്ചപ്പോൾ ക്രമേണ യുക്തിവാദത്തിലേക്ക് ചെന്നുകയറുകയായിരുന്നു. മാർക്സിസത്തിൽനിന്ന് യുക്തിവാദത്തിലേക്കുള്ള ദൂരം കുറവായിരുന്നു. ചെറുപ്പകാലത്ത് എ.ടി. കോവൂരുമായി സൗഹൃദത്തിലായി. പവനനും ഇടമറുകും എം. പ്രഭയും സുഹൃത്തുക്കളായി. അവിചാരിതമായി സംഭവിച്ചതല്ല. അവരുടെ പ്രവർത്തനങ്ങളിൽ അറിഞ്ഞുകൊണ്ട് സഹകരിക്കുകയായിരുന്നു. കേരള യുക്തിവാദി സംഘത്തിൽ സജീവമായി, നേതൃത്വത്തിലുമെത്തി. കേരളത്തിലും തമിഴ്നാട്ടിലുമായി അൻപതിൽപ്പരം വേദികളിൽ ദിവ്യാദ്ഭുത അനാവരണ പരിപാടികളിൽ പങ്കെടുത്തു." കോവൂരിന്റെ ദിവ്യാദ്ഭുത അനാവരണം പഠിക്കുകയും വേദിക



വായനയുടെ സുകൃതം

ളിൽ അവതരിപ്പിക്കുകയും ചെയ്തു. സത്യസായിബാബയും കോവൂരും തമ്മിലുള്ള തർക്കങ്ങൾ ഓർമ്മയുണ്ടല്ലോ. കോവൂരിനൊപ്പം ധാരാളം പരിപാടികളിൽ അന്ന് പങ്കെടുത്തു. 'ഇന്ദ്രജാല സർവസ്വം' എന്ന സ്വന്തം പുസ്തകത്തിന്റെ മുഖവുരയിൽ ഇന്ദ്രജാലത്തിലേക്ക് എങ്ങനെ വന്നു എന്ന് എം.പി. എഴുതി: "കാട്ടാത്തുറ ഗ്രാമത്തിലെ സർക്കാർ മിഡിൽ സ്ക്കൂളിന്റെ മുറ്റത്ത് സഹപാഠികൾക്കൊപ്പം വട്ടമിട്ടിരുന്ന്, ഒരു ജാലവിദ്യക്കാരൻ ഇരുമ്പുവളയങ്ങൾ കോർത്തു ചങ്ങലയാക്കിയതും, കരിക്കട്ടയെ കിളിയാക്കി മാറ്റിയതും, മൺകുടത്തിലെ വെള്ളം കമഴ്ത്തിക്കളഞ്ഞിട്ട് വീണ്ടും മലർത്തിവച്ചപ്പോൾ വെള്ളം നിറഞ്ഞതുമൊക്കെ കണ്ണിമയ്ക്കാതെ ഒട്ടൊരു ഭയത്തോടെ നോക്കിനിന്നത് അഞ്ചര പതിറ്റാണ്ടുകൾക്കു മുൻപാണ്. ഒറ്റമുണ്ടും ചുട്ടിത്തോർത്തു കൊണ്ടൊരു തലക്കെട്ടുമായിരുന്നു മാന്ത്രികന്റെ വേഷം. കുട്ടികളിൽനിന്ന് ഒരു ചക്രം വീതം പിരിച്ചെടുത്ത് ഒരു പൊതിയാക്കി ഹെഡ്മാസ്റ്റർ നൽകിയപ്പോൾ ബധിരനും മൂകനുമായ ആ മാന്ത്രികന്റെ മുഖത്തുവിടർന്ന ചിരിയും മറക്കാനാവാത്ത ഒരു ചിത്രമായി മനസ്സിലുണ്ട്...'' അജ്ഞാതനായ ആ ഐന്ദ്രജാലകനിൽനിന്നാണ് എം.പി. പിന്നെ ജാലവിദ്യയുടെ അദ്ഭുതലോകത്തേയ്ക്ക് കടന്നത്. ദിവ്യന്മാർ എന്ന് അവകാശപ്പെടുന്നവരുടെ അദ്ഭുത കൃത്യങ്ങൾ കേവലം ചെപ്പടിവിദ്യകളാണെന്ന് തെളിയിച്ച പ്രൊഫ. എ.ടി. കോവൂരിന്റെയും ബി. പ്രേമാനന്ദിന്റെയും ദിവ്യാദ്ഭുത അനാവരണ പരിപാടികളിൽ പങ്കെടുത്തു. വലിയൊരു സാമൂഹ്യകൃത്യം നിർവഹിക്കലായിരുന്നു ഇന്ദ്രജാലം എം.പിക്ക്. അന്ധവിശ്വാസങ്ങളെ അടിച്ചുപൊളിക്കാൻ തന്നാൽ ആവുന്നത് ചെയ്യുക എന്ന ദൗത്യം. അതോടൊപ്പം മനോഹരമായ കലാപ്രകടനത്തിലൂടെ സാധാരണ മനുഷ്യരെ സന്തോഷിപ്പിക്കലും.

## മനസ്സിലെ നോവൽ

ഇപ്പോൾ മജീഷ്യൻ അക്കാദമി അംഗമാണ്, അപൂർവമായി വേദികളിൽ പ്രത്യക്ഷപ്പെടുന്നു. യുക്തിവാദി പ്രവർത്തനത്തിലും പഴയതുപോലെ സജീവമാണ്. 'യുക്തിരേഖ' മാസികയുടെ എഡിറ്ററുമാണ്.

ഒരർത്ഥത്തിൽ, വിവർത്തനവും ഒരു ഇന്ദ്രജാലം തന്നെയാണ്. അറിയപ്പെടാത്ത എത്രയോ കഥകളും കഥാപാത്രങ്ങളും ജീവിതരീതികളുമാണ് ദിനവും മനസ്സിലേക്ക് കയറിവരുന്നത്. ഇവരോടൊപ്പം യാത്ര ചെയ്യുമ്പോൾ കണ്ടെത്തുന്ന അദ്ഭുത ലോകങ്ങളൊക്കെയും പകർത്തിവയ്ക്കുകയെന്നത് മറ്റൊരു ഇന്ദ്രജാലം തന്നെയല്ലേ. വിവർത്തനങ്ങളും ഇന്ദ്രജാലവും യുക്തിവാദപ്രവർത്തനങ്ങളും കഴിഞ്ഞാൽ കിട്ടുന്നത് വളരെ കുറച്ച് സമയം. അത് വീട്ടുകാര്യങ്ങൾക്ക്. കഥയും കവിതകളും സ്വന്തമായി എഴുതി. 'കന്യാകുമാരി കവിതകൾ' എന്ന പുസ്തകത്തിൽ എം.പിയുടെ കവിതകളുമുണ്ട്. "ഏഴെട്ടു പുസ്തകങ്ങൾ സ്വന്തം പേരിലുണ്ട്. പക്ഷേ, മനസ്സിലെ വലിയ ആഗ്രഹം ഇതുവരെ നടന്നില്ല. തെക്കൻ തിരുവിതാംകൂറിലെ ജീവിതപശ്ചാത്തലത്തിൽ ആത്മകഥാംശമുള്ള ഒരു നോവൽ, യഥാർത്ഥത്തിൽ അത് എഴുതിയതാണ്, എൻ.ബി.എസ്സിന് അയച്ചുകൊടുക്കുകയും പ്രസിദ്ധീകരണ സമിതി അംഗീകരിക്കുകയും ചെയ്തതാണ്. നിർഭാഗ്യത്തിന് എൻ.ബി.എസ്സിൽ പ്രശ്നങ്ങളായി, പ്രസിദ്ധീകരണം മുടങ്ങി, പിന്നെ അന്വേഷിച്ചപ്പോൾ കൈയെഴുത്തുപ്രതി നഷ്ടമായിരിക്കുന്നു! ഒരു കൈയെഴുത്തു കോപ്പി പോലും സൂക്ഷിക്കാതിരിക്കുന്നതിൽ സങ്കടം തോന്നി. ആ നോവൽ വീണ്ടും മനസ്സിൽ അടുക്കിവയ്ക്കുകയാണ്, അതുകൂടി എഴുതണം."

ഇടവേളകളില്ലാത്ത വിവർത്തനത്തിനിടയിൽ എപ്പോഴാണ് സ്വന്തം കൃതിക്ക് ഇനി പുനർജന്മം നൽകാനാവുക? എം.പിയെ വിഷമിപ്പിക്കുന്നത് അതാണ്. എഴുത്തുമുറിയിൽനിന്ന് എം.പി. ഒരു ഫയൽകെട്ടുമായി വന്നു. 'നോത്രദാമിലെ കൂനൻ' ഏതാണ്ട് അറുപതുശതമാനമായി, ഡി.ടി.പിയിലെടുത്ത ആദ്യ പ്രൂഫ് തുറന്നു വച്ചു.

ഭാഗം ഒന്ന്. ചുവന്ന മഷി കൊണ്ട് എം.പി. തിരുത്തിയ പേജുകൾ, അതിൽ നോക്കി മെല്ലെ പറയുകയാണ്, "ഇപ്പോൾ എനിക്ക് ഇത് ശ്രമകരമാണ്. മുൻപ് എഴുതാനും പ്രൂഫ് നോക്കാനും ഒരു ചെറുപ്പക്കാരൻ ഉണ്ടായിരുന്നു, അയാൾക്ക് ജോലി കിട്ടി പോയി. അന്ന് പറഞ്ഞുകൊടുത്താൽ മതിയായിരുന്നു. ഇപ്പോൾ എഴുതണം, ഡി.ടി.പി. എടുക്കുകയും വേണം. ക്ലാസിക്കുകൾ വീണ്ടും വീണ്ടും വിവർത്തനംചെയ്യുന്നതിലെ ഔചിത്യത്തെക്കുറിച്ച് എം.പിയോട് ചോദിച്ചു, ശരിയാണ് 'നോത്രദാമിലെ കൂന'നും 'അന്നാ കരെനീന'യുമൊക്കെ പലരും പലവുരു വിവർത്തനം ചെയ്തതാണ്. രണ്ടാഴ്ച മുൻപ് മാത്രം പുറത്തിറക്കിയ അന്നാ കരെനീനയുടെ മനോഹരമായ പതിപ്പിന്റെ പ്രസാധകക്കുറിപ്പിൽ എന്റെ ചോദ്യത്തിന് ഉത്തരമുണ്ട്. "ആധുനിക മലയാളഭാഷയുടെ സൗന്ദര്യവും വഴക്കവും പ്രകടിപ്പിക്കുന്ന ഇന്നത്തെ വിവർത്തനങ്ങൾക്ക് മാത്രമേ വായനക്കാരെ തൃപ്തിപ്പെടുത്താൻ കഴിയൂ എന്നാണ് ഞങ്ങളുടെ വിശ്വാസം.'' ഇതാണ് എം.പി. സദാശിവനുള്ള അംഗീകാരവും ആദരവും.■